**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടായി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കോട്ടായി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നൽകിയ നിവേദനം പരിഗണിച്ച് ആയത് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ കോട്ടായി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് ജിംനേഷ്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. തരൂർ എം.എൽ.എ-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ടി സ്കൂൾ കെട്ടിടത്തിലും, നിലവിലുള്ള സ്റ്റേഡിയം കോംപ്ലക്സിലും ജിംനേഷ്യം സ്ഥാപിക്കുവാനുള്ള ഹാളുകളൊന്നും തന്നെ നിലവിലില്ല. ഗ്യാലറി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മാത്രമാണ് ഹാളിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. എന്നാൽ ഇത് മത്സരങ്ങൾ സംഘടിപ്പിക്കുമ്പോഴുള്ള വി.ഐ.പി റൂമിനായാണ് നിർമ്മിച്ചിട്ടുള്ളത്. ഗ്യാലറി കെട്ടിടത്തിലെ മറ്റ് റൂമുകൾ എല്ലാം തന്നെ ഓഫീസ് റൂം സൗകര്യങ്ങളോടു കൂടി 300 Sq.ftന് താഴെയുള്ള റൂമുകളായതിനാൽ റൂമുകളുടെ വലിപ്പം വർദ്ധിപ്പിക്കേണ്ടതായി വരും. നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിനായുള്ള സൗകര്യങ്ങൾ ലഭ്യമല്ല. എന്നാൽ പ്രസ്തുത സ്കൂൾ ഗ്രൗണ്ടിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് 10ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷനാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ